# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം - വിവിധ ശീർഷകങ്ങളിൽ നിന്ന് തുക പിൻവലിക്കുന്നതിനുള്ള അധികാരം സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരിക കാര്യ (സി) വകുപ്പ്

സ.ഉ.(കൈയെഴുത്ത്) 37/2007/സിഎഡി തീയതി, തിരുവനന്തപുരം, 20/3/2007

---

പരാമർശം:- 1) 25/8/05 ലെ സ.ഉ.(പി)നം.77/05/സിഎഡി നമ്പർ സർക്കാർ ഉത്തരവ്
2) 22/12/05 ലെ ജി.ഒ.(എം.എസ്)93/05/സിഎഡി നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവനുസരിച്ച് സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് നിർത്തലാക്കിക്കൊണ്ടും സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം രൂപീകരിച്ചുകൊണ്ടും പരാമർശം (2) പ്രകാരം സാംസ്കാരിക ഡയറക്ടറേറ്റിന്റെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയങ്ങൾ തീരുമാനിച്ചുകൊണ്ടും ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. അതിൻ പ്രകാരം ചുവടെ ചേർക്കുന്ന ശീർഷകങ്ങളിൽ നിന്നും തുക പിൻവലിക്കുന്നതിനുള്ള അധികാരം സാംസ്കാരിക ഡയറക്ടറെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | വിഷയം | കണക്കു ശീർഷകം |
|---|---|---|
| 1 | കലാകാര പെൻഷൻ | 2205-00-102-87(NP) |
| 2 | എഴുത്തച്ഛൻ പുരസ്കാരം | 2205-00-102-78(NP) |
| 3 | കഥകളി അവാർഡ് | 2205-00-102-61(NP) |
| 4 | രവിവർമ്മ പുരസ്കാരം | 2205-00-102-59(NP) |
| 5. | പല്ലാവൂർ അപ്പുമാരാർ പുരസ്കാരം | 2205-00-102-60(NP) |
| 6. | ചെമ്പൈ അവാർഡ് | 2205-00-102-62(NP) |
| 7. | സ്വാതി പുരസ്കാരം | 2205-00-102-58(NP) |
| ~~8.~~ | ~~അവശ കലാകാരന്മാർക്കുള്ള അടിയന്തിര ചികിത്സാസഹായം~~ | ~~2205-00-102-67(NP)~~ |
| 9. | സ്മാരകങ്ങൾക്കുള്ള ഗ്രാന്റ് | 2205-00-102-98(NP) |
| 10. | നൃത്തനാടക സംഗീത സംഘടനകൾക്കും സാംസ്കാരിക രംഗത്തെ സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ് | 2205-00-102-89(NP) |
| 11 | ജവഹർ ബാലഭവനുകളുടെ ഗ്രാന്റ് | 2205-00-101-96(NP) |
| 12. | പി.ജെ.ആന്റണിയുടെ വിധവയ്ക്കുള്ള പെൻഷൻ | 2205-00-102-69(NP) |
| 13. | അപ്പുമാരാരുടെ വിധവയ്ക്കുള്ള പെൻഷൻ | 2205-00-102-57(NP) |

2007-2008 സാംപത്തിക വർഷത്തിലേക്ക് സാംസ്കാരികവകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിന്റെ ചുമതലകൾ ജി.ഒ (എം.എസ് ) 37/07/സിഎഡി തീയതി 20.3.2007 ഉം ജി.ഒ (എം.എസ്) 38/07/സിഎഡി തീയതി 21.3.2007 ഉം പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പദ്ധതി/പദ്ധതിയേതര വിഭാഗത്തിൽ താഴെ പറയും പ്രകാരമാണ്.

| | അലോട്ട്മെന്റ് | |
|---|---|---|
| | നോൺ പ്ളാൻ | പ്ളാൻ |
| 1. ജവഹർ ബാലഭവൻ (2205-00-101-96) (നോൺ പ്ളാൻ). | 31,90,000.00 | 3,00,000.00 |
| 2. സംഗീത നൃത്ത നാടക സംഘടനകൾക്കും മറ്റു കലാ സാംസ്കാരിക സംഘടനകൾക്കുമുള്ള ധനസഹായം (2205-00-102-89) (നോൺ പ്ളാൻ) | 14,65,000.00 | |
| 3.നിർദ്ധനരായ കലാകാരൻമാർക്കുള്ള സഹായം (2205-00-102-87) ( നോൺ പ്ളാൻ ) | 1,26,00,000.00 | |
| 4. എഴുത്തച്ഛൻ പുരസ്കാരം (2205-00-102-78) (നോൺ പ്ളാൻ) | 1,30,000.00 | |
| 5. പല്ലാവൂർ അപ്പുമാരാർ പുരസ്കാരം (2205-00-102-60) (നോൺ പ്ളാൻ) | 1,10,000.00 | |
| 6. രാജാരവിവർമ്മ പുരസ്കാരം (2205-00-102-59) (നോൺ പ്ളാൻ) | 1,10,000.00 | |
| 7. കഥകളി പുരസ്കാരം, (2205-00-102-61) (നോൺ പ്ളാൻ) | 1,10,000.00 | |
| 8. സ്വാതി പുരസ്കാരം (2205-00-102-58) (നോൺ പ്ളാൻ ) | 1,10,000.00 | |
| 9. അന്തരിച്ച പ്രസിദ്ധ വാദ്യ ചക്രവർത്തി ശ്രീ.അപ്പുമാരാരുടെ വിധവ ശ്രീമതി. ലക്ഷ്മിക്കുട്ടി യമ്മക്കുള്ള ധനസഹായം (2205-00-102-57) (നോൺ പ്ളാൻ) | 24,000.00 | |
| 10. അന്തരിച്ച പി.ജെ. ആന്റണിയുടെ വിധവ ശ്രീമതി. മേരി ആന്റണിക്കുള്ള ധനസഹായം (2205-00-102-69) (നോൺ പ്ളാൻ) | 24,000.00 | |
| 11. ചെമ്പൈ അവാർഡ് (2205-00-102-62-(നോൺ പ്ളാൻ) | 5,000.00 | |
| 12. പ്രമുഖ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സ്മാരകങ്ങൾ (2205-00-102-98) (നോൺ പ്ളാൻ)/(പ്ളാൻ) | 22,82,000.00 | 10,00,000.00 |
| 13. അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കുമുള്ള അടിയന്തിര ചികിത്സക്കുള്ളസാംപത്തിക സഹായം (2205-00-102-67) (നോൺ പ്ളാൻ) | 2,00,000.00 | |
| 14. സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ധനസഹായം (2205-00-800-73) (നോൺ പ്ളാൻ) | 3,75,00,000.00 | |
| ആകെ | 5,78,60,000.00 | 13,00,000.00 |